**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3492** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവ്വകലാശാലയുടെ ചരിത്രനേട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മ വർദ്ധനവിന് വേണ്ടി നടത്തിയ പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി, കേരള സർവ്വകലാശാലയ്ക്ക് നാക് റീ അക്രഡിറ്റേഷനിൽ എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചിട്ടുണ്ടോ; ഇതോടെ സർവ്വകലാശാലകളുടെ റാങ്കിംഗിൽ സംസ്ഥാനത്ത് ആദ്യത്തെയും ദക്ഷിണേന്ത്യയിൽ നാലാമത്തേതുമായി കേരള സർവ്വകലാശാല അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഗുണമേന്മ വർദ്ധനവിന് വേണ്ടി നടത്തിയ പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി കേരള സർവ്വകലാശാലയ്ക്ക് നാക് റീ അക്രഡിറ്റേഷനിൽ (Cycle 3) എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചിട്ടുണ്ട്. ഈ അംഗീകാരം ലഭിക്കുന്ന കേരളത്തിലെ ആദ്യത്തേതും ദക്ഷിണേന്ത്യയിലെ നാലാമത്തെയും സംസ്ഥാന സർവകലാശാലയാണ് കേരള സർവകലാശാല. |
| (ബി) | കരിക്കുലം, അദ്ധ്യാപനം, ഗവേഷണം തുടങ്ങിയ ഏതെല്ലാം മേഖലകളിലെ ഉയർന്ന നിലവാരം പരിഗണിച്ചാണ് നാക് അക്രഡിറ്റേഷൻ ഗ്രേഡ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; കേരള സർവ്വകലാശാലയ്ക്ക് പ്രസ്തുത മേഖലകളിലോരോന്നിലും എത്രത്തോളം മികവ് പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | താഴെ പറയുന്ന മേഖലകളിലെ ഉയർന്ന നിലവാരം പരിഗണിച്ചാണ് നാക് അക്രഡിറ്റേഷൻ ഗ്രേഡ് നൽകുന്നത്.<br>• Curricular Aspects<br>• Teaching-learning and Evaluation<br>• Research, Innovations and Extension<br>• Infrastructure and Learning Resources<br>• Student Support and Progression<br>• Governance, Leadership and Management<br>• Institutional Values and Best Practices<br>മേൽപ്പറഞ്ഞ ഘടകങ്ങളിൽ സമഗ്രമായി കാഴ്ചവെക്കാനായ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സർവകലാശാലയ്ക്ക് 'എ പ്ലസ് പ്ലസ്' ഗ്രേഡ് എന്ന അംഗീകാരം ലഭിച്ചത്. |
| (സി) | നാക് റീ അക്രഡിറ്റേഷനിൽ എ പ്ലസ് പ്ലസ് ഗ്രേഡ് റാങ്ക് ലഭിക്കുന്നതിനായി കേരള സർവ്വകലാശാലയുടെ മറ്റ് എന്തെല്ലാം മികവുകളാണ് പരിഗണിച്ചതെന്ന് വിശദമാക്കുമോ; | (സി) | കേരള സർവ്വകലാശാലയ്ക്ക് മേൽപ്പറഞ്ഞ മേഖലകളിൽ മികവ് പുലർത്താനും അത് തെളിയിക്കാനും താഴെ പറയുന്ന ഘടകങ്ങൾ സഹായകമായി. |

- ഔട്ട് കം ബേസ്ഡ് എജ്യൂക്കേഷൻ നടപ്പിലാക്കി
- നൂതന പ്രോഗ്രാമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി
- നൈപുണ്യ വികസനത്തിൽ അധിഷ്ഠിതമായ കോഴ്സുകൾ ആരംഭിച്ചു.
- നൂതനമായ അദ്ധ്യാപന രീതികൾ നടപ്പിലാക്കി.
- വൈവിധ്യ വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിച്ചു.
- നിരന്തര മൂല്യ നിർണ്ണയം നടപ്പിലാക്കി.
- ഗവേഷണ ലബോറട്ടറികൾ ആധുനികവൽക്കരിച്ചു.
- കേന്ദ്രീകൃത ഇൻസ്ട്രുമെന്റേഷൻ ലബോറട്ടറിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.
- ഗവേഷണ ഫെലോഷിപ്പുകൾ, ഗവേഷണ അവാർഡുകൾ എന്നിവ നൽകിവരുന്നു.
- പബ്ലിക്കേഷൻ ഗ്രാൻറ്, പേറ്റൻറ് ഗ്രാൻറ് തുടങ്ങിയവ നൽകിവരുന്നു.
- ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായി.
- പുതിയ ഗവേഷണ സ്ഥാപനങ്ങൾക്കും പഠനവകുപ്പുകൾക്കുമായി കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
- എല്ലാപഠന വകുപ്പുകളിലും മൾട്ടിമീഡിയ/ തിയേറ്റർ ക്ലാസ് റൂമുകൾ സ്ഥാപിച്ചു.
- ലൈബ്രറിയിൽ ഡിജിറ്റൽ വിഭവങ്ങൾ, RFID സംവിധാനം എന്നിവ സജ്ജമാക്കി.
- വിദ്യാർത്ഥികൾക്കായി Student Lifecycle Management System ആവിഷ്കരിച്ചു.
- Career Guidance Support, Finishing School, ASAP മുഖേനയുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി.
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിച്ചു.
- ലേണിംഗ് മാനേജ്മെൻറ് സിസ്റ്റം നടപ്പിലാക്കി.
- അക്കാഡമിക് ബോഡികൾ പുന:സംഘടിപ്പിച്ചു.
- IQAC,പരാതി പരിഹാര സംവിധാനങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു.
- ഭരണ സംവിധാനങ്ങളുടെ ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം.

| | | | |
|---|---|---|---|
| | | | • അദ്ധ്യാപകർക്കും ജീവനക്കാർക്കും പരിശീലനം നൽകി.<br>• ജീവനക്കാർക്ക് വിവിധ തരത്തിലുള്ള സാമ്പത്തിക സഹായ പദ്ധതികൾ നടപ്പാക്കി.<br>• ഗവേഷണ ഫലങ്ങൾ സമൂഹത്തിന് ഉപകരിക്കുന്ന രീതിയിൽ പദ്ധതികൾ നടപ്പാക്കി.<br>• വില്ലേജ് അഡോപ്ഷൻ/സ്കൂൾ അഡോപ്ഷൻ പോലെ സാമൂഹിക പ്രതിബദ്ധതയിൽ അധിഷ്ഠിതമായ പദ്ധതികൾ നടപ്പിലാക്കി.<br>• കാർബൺമുക്ത ക്യാമ്പസ് പദ്ധതി, സൗരോർജ്ജ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി.<br>• സാമൂഹിക സുസ്ഥിരതയിലൂന്നി ഹരിതാലയം പോലുള്ള ആശയങ്ങൾ നടപ്പിലാക്കി. |
| (ഡി) | എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചതുവഴി സർവ്വകലാശാലയ്ക്ക് എന്തെല്ലാം സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് യു.ജി.സി.യിൽനിന്നും മറ്റും ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ; | (ഡി) | യു.ജി.സി. നടപ്പിലാക്കുന്ന വിവിധ ഫണ്ടിംഗ് പദ്ധതികളിലേക്ക് അപേക്ഷിക്കാനും പ്രൊപ്പോസലുകൾ നൽകാനും ഇതിലൂടെ സർവകലാശാലക്ക് അർഹത കൈവരും. എ പ്ലസ് പ്ലസ് ഗ്രേഡ് വഴി ഇത്തരം പദ്ധതികളിൽ നിന്നും കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും കൂടുതൽ ഫണ്ട് ലഭിക്കാനുമുള്ള സാധ്യത വർധിക്കും. |
| (ഇ) | ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സംസ്ഥാന വ്യാപകമായി നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾക്ക് പ്രസ്തുത റാങ്കിംഗ് എത്രത്തോളം സഹായകരമാകുമെന്ന് വിശദമാക്കുമോ? | (ഇ) | പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ, പശ്ചാത്തല സൗകര്യ വികസനം, സിലബസ് പരിഷ്കരണം, ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ സ്ഥാപിക്കുന്നത്, Translational Research പോലുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്നത് എന്നിവ വഴി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ പ്രസ്തുത റാങ്കിങ് സഹായകവും പ്രചോദനവുമാകും. |

സെക്ഷൻ ഓഫീസർ